LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഗെയിംസ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ

223 (7786) ശ്രീ. ജി. സുധാകരൻ :
ശ്രീ. സാജു പോൾ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് നടത്തിപ്പിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഗെയിംസ് നടത്തിപ്പിന് പ്രതീക്ഷിക്കുന്ന ബജറ്റ് തയ്യാക്കപ്പെട്ടത് എവിടെയാണ് ; അന്തിമമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ; എന്തെല്ലാം നിലയിൽ ഏതെല്ലാം വരവുകൾ പ്രതീക്ഷിക്കുന്നു ; കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ എത്രയാണ് ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ/പ്രാദേശിക കമ്മിറ്റികളും ഇതിനുപുറമെ പ്രത്യേക ചുമതലകൾ നൽകികൊണ്ട് 22 സംസ്ഥാനതല സബ് കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനഃരുദ്ധാരണവും 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 10 താൽകാലിക നിർമ്മിതികളുമാണ് ദേശീയ ഗെയിംസിനായി സജ്ജമാകുന്നത്. ഇതിൽ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്റ്റേഡിയം ആസ്ട്രി അടിസ്ഥാനത്തിൽ പുതിയതായി നിർമ്മിക്കുന്നുണ്ട്. ഉദ്ഘാടന/സമാപന ചടങ്ങുകൾ ഇവിടെയാണ് നടക്കുന്നത്.

ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരത്ത് മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗെയിംസ് വില്ലേജിന്റെ പണി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഗെയിംസ് വില്ലേജിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 70% പൂർത്തിയായിട്ടുണ്ട്. ഇതര ജില്ലകളിൽ ലഭ്യമായ ഹോട്ടൽ, മറ്റ് സൗകര്യങ്ങൾ എന്നിവ താമസത്തിനായി ഏർപ്പെടുത്തുന്നതാണ്.

(ബി) ദേശീയ ഗെയിംസ് നടത്തിപ്പിനായി ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് തയ്യാറാക്കിയ 611.33 കോടി രൂപയുടെ പുതുക്കിയ ബഡ്ജറ്റ് അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ 403.36 കോടി രൂപയുടെ ബഡ്ജറ്റ് അംഗീകരിക്കുകയും കേന്ദ്രവിഹിതമായി ഇതിന്റെ 30% തുകയായ 121 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗെയിംസ് നടത്തിപ്പിനുള്ള ബാക്കി തുക സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടതുണ്ട്. കൂടാതെ സ്പോൺസർഷിപ്പിലൂടെയുള്ള വരുമാനവും പ്രതീക്ഷിക്കുന്നുണ്ട്.

നാഷണൽ ഗെയിംസിൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടക്കുന്ന കായിക മത്സരങ്ങൾ

224 (7787) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഏതെല്ലാം കായികയിനങ്ങളുടെ മത്സരങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം തീയതികളിലാണ് ഇവിടെ മത്സരങ്ങൾ നടക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) നാഷണൽ ഗെയിംസിന്റെ ഭാഗമായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഖോ-ഖോ, കബഡി എന്നീ കായിക മത്സരങ്ങൾ സംഘടിപ്പിക്കാനാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. നാഷണൽ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെയുള്ള തീയതികളിൽ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഓരോ മത്സര ഇനങ്ങളുടെയും തീയതി തീരുമാനിച്ചിട്ടില്ല.

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ ശ്രദ്ധേയപ്രകടനം കാഴ്ചവച്ച മലയാളി താരങ്ങൾക്കുള്ള സമ്മാനവിതരണം

225 (7788) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ അന്തർദേശീയ മത്സരങ്ങളിൽ ശ്രദ്ധേയപ്രകടനം കാഴ്ചവച്ച മലയാളി താരങ്ങൾക്കുള്ള സർക്കാർ പ്രഖ്യാപിച്ച സമ്മാന തുകകൾ മുഴുവനും വിതരണം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ കുടിശ്ശിക ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ആർക്കൊക്കെ എത്ര തുകയാണ് നൽകാനുള്ളതെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly